"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ - പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.109/2022/DMD തീയതി,തിരുവനന്തപുരം, 04-02-2022

പരാമർശം:- 1. സ.ഉ(സാധാ) നം.68/2022/ഡി.എം.ഡി തീയതി 20.01.2022.
2. സ.ഉ(സാധാ) നം.81/2022/ഡി.എം.ഡി തീയതി 24.01.2022.

ഉത്തരവ്

സംസ്ഥാനത്ത് കോവിഡ് വൈറസിന്റെ വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ പരാമർശിത ഉത്തരവുകളുടെ തുടർച്ചയായി സംസ്ഥാനദുരന്തനിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടിവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 20 (3)ൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ബന്ധപ്പെട്ട അധികാരികൾ കർശനമായി നടപ്പിലാക്കുന്നതിനായി ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. ജനുവരി 23, 30 തീയതികളിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ ഫെബ്രുവരി 6 ഞായറാഴ്ചയും തുടരുന്നതാണ്. പരാമർശം (1) പ്രകാരം അനുമതിനല്കിയിട്ടുള്ള ആവശ്യസർവീസുകൾക്ക് ഈ ദിവസവും അനുമതി നൽകാവുന്നതാണ്.
2. ഫെബ്രുവരി 7 മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 10, 11, 12 ക്ലാസുകൾ, ബിരുദ-ബിരുദാനന്തര ക്ലാസുകൾ, ട്യൂഷൻ ക്ലാസ്സുകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഓഫ്-ലൈനായി പ്രവർത്തിക്കാൻ അനുമതി നൽകാവുന്നതാണ്.
3. ഫെബ്രുവരി 14 മുതൽ എല്ലാ ജില്ലകളിലും 1 മുതൽ 9 വരെയുള്ള ക്ലാസുകൾ, ക്രഷുകൾ, കിൻഡർ ഗാർട്ടൻ ക്ലാസ്സുകൾ തുടങ്ങിയവയും ഓഫ്-ലൈനായി പ്രവർത്തിക്കാൻ അനുമതി നൽകാവുന്നതാണ്.
4. എല്ലാ ജില്ലകളിലും ആരാധനാലയങ്ങളിൽ പരമാവധി 20 പേർക്ക് മാത്രം അനുമതി നൽകാവുന്നതാണ്. ഫെബ്രുവരി 6 ഞായറാഴ്ചയും 20 പേരെ മാത്രം ഉൾപ്പെടുത്തിയുള്ള ആരാധന അനുവദിക്കാവുന്നതാണ്.
5. ആറ്റുകാൽ പൊങ്കാല പ്രമാണിച്ച് 200 പേർക്ക് ക്ഷേത്രപരിസരത്ത് ചടങ്ങുകൾക്ക് അനുമതി നൽ കാവുന്നതാണ്. കഴിഞ്ഞവർ ഷത്തെപ്പോലെ പൊങ്കാലയിടുന്നത് വീടുകളിൽ മാത്രം അനുവദിക്കുന്നതാണ്.
6. ആരോഗ്യവകുപ്പിന്റെ പുതുക്കിയ വർഗ്ഗീകരണമനുസരിച്ച് ജില്ലകൾ എ, ബി, സി കാറ്റഗറികളായി തിരിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള പരാമർശം 1 ഉത്തരവ്, മേൽ ഭേദഗതികളോടെ ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ നടപ്പിലാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
കമ്മീഷണർ,ലാൻഡ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ,തിരുവനന്തപുരം-33
എല്ലാ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :-
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ